Malayalam Manorama 31.12.2021


# ജോർജ് ഓണക്കൂറിന് കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം




ന്യൂഡൽഹി ● ജോർജ് ഓണക്കൂറിന് 2021 ലെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം. ആത്മകഥയായ 'ഹൃദയരാഗങ്ങൾ' ആണ് അവാർഡിന് അർഹമായത് (ഒരു ലക്ഷം രൂപ).

നോവലിസ്റ്റ്, കഥാകൃത്ത്, അധ്യാപകൻ, സാഹിത്യ വിമർശകൻ, തിരക്കഥാകൃത്ത്, സഞ്ചാര സാഹിത്യകാരൻ എന്നീ നിലകളിൽ പ്രശസ്തനായ ജോർജ് ഓണക്കൂറിന് (80) രണ്ടുവട്ടം കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

പേജ് 2



രഘുനാഥ് പലേരി



മോബിൻ മോഹൻ

# രഘുനാഥ് പലേരിക്കും മോബിൻ മോഹനും കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം

ന്യൂഡൽഹി ● കേന്ദ്രസാഹിത്യ അക്കാദമിയുടെ ബാലസാഹിത്യ പുരസ്കാരം രഘുനാഥ് പലേരിക്കും യുവ പുരസ്കാരം മോബിൻ മോഹനും ലഭിച്ചു. 50,000 രൂപ വീതമാണ് പുരസ്കാരത്തുക. രഘുനാഥ് പലേരിയുടെ 'അവർ മൂവരും ഒരു മഴവില്ലും' എന്ന നോവലിനും മോബിൻ മോഹന്റെ 'ജക്കരന്ത' എന്ന നോവലിനുമാണ് അവാർഡ്.

സംവിധായകൻ, തിരക്കഥാകൃത്ത്, കഥാകാരൻ, നോവലിസ്റ്റ്, ഗാനരചയിതാവ് എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച രഘുനാഥ് പലേരി ഒന്നു മുതൽ പൂജ്യം വരെ, വിസ്മയം തുടങ്ങിയ ചിത്രങ്ങളുടെ സംവിധായകനാണ്. മൈ ഡിയർ കുട്ടിച്ചാത്തൻ, പൊൻമുട്ടയിടുന്ന താറാവ്, മഴവിൽ കാവടി, ഏഴരപ്പൊന്നാന, സ്വപ്നലോകത്തെ ബാലഭാസ്കരൻ തുടങ്ങി ചിത്രങ്ങൾക്കു തിരക്കഥയെഴുതി.

കട്ടപ്പന മുൻസിഫ് കോടതി ജീവനക്കാരനായ മോബിൻ മോഹൻ കാഞ്ചിയാർ സ്വദേശിയാണ്.